പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4517 — 17.12.2014 ന് മറുപടിയ്ക്ക്.

## ഐ. ടി. ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. കെ.അച്ചുതൻ :<br>ശ്രീ. പി.എ.മാധവൻ :<br>ശ്രീ. വി.ഡി.സതീശൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകി വരുന്നു. ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിനുള്ള Detailed Project Report (DPR) തയ്യാറാക്കി വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നിലവിലുള്ള ഐ.ടി.ഐ. കളെ നവീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക വഴി മാനവ വിഭവശേഷി വർദ്ധിപ്പിക്കാനുതകുന്ന പരിശീലനം നൽകി, ഐ.ടി.ഐ. യിൽ ട്രെയിനിംഗ് കഴിഞ്ഞിറങ്ങുന്ന ട്രെയിനികൾക്ക് തൊഴിൽ സാധ്യതയും തൊഴിൽ ലഭ്യതയും വർദ്ധിപ്പിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യം. |
| (സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചിട്ടുള്ളത്;<br>(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി)& (ഡി) ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള Detailed Project Report (DPR) തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ